ച്ചിട്ടുണ്ട്. ഇതിനായി ഒരു പ്രത്യേക കമ്പനി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സത്വര പരിഗണനയിലാണ്.

(ബി) ആകെ 133 കോടി രൂപ സ്വരൂപിക്കാനാണുദ്ദേശിക്കുന്നത്. ഈ സാമ്പത്തികവർഷം എത്ര രൂപ ചെലവഴിക്കാൻ കഴിയുമെന്ന് കൃത്യമായി പറയുവാൻ ഇപ്പോൾ കഴിയുകയില്ല.

(സി) 'എ' വിഭാഗത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

94 (1060) കാർഷികമേഖല നേരിടുന്ന തകർച്ചയ്ക്ക് പരിഹാരം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖല നേരിടുന്ന തകർച്ചയ്ക്ക് പരിഹാരം കാണുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും വിലനിലവാരത്തിൽ സ്ഥിരതയുണ്ടാക്കുന്നതിനുമായി സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ? എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കാർഷികമേഖല തകർച്ച നേരിടുന്നില്ല. എന്നാൽ തെറ്റായ കേന്ദ്ര നയങ്ങളുടെ ഫലമായി നമ്മുടെ കാർഷികരംഗത്ത് ചില പ്രതിസന്ധികളുണ്ടായിട്ടുണ്ട്. ഇതു പരിഹരിക്കുവാൻ സംസ്ഥാന സർക്കാരിനു കൈക്കൊള്ളുവാൻ കഴിയുന്ന എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

(ബി), റബ്ബർ ഒഴികെ പ്രധാനപ്പെട്ട കാർഷിക വിളകൾക്കൊന്നും കഴിഞ്ഞ 3 വർഷത്തിനിടയിൽ വിലയിടിവ് ഉണ്ടായിട്ടില്ല. ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനായി യഥാവസരങ്ങളിൽ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കൊയ്ത്തുകാലത്ത് ന്യായവിലയ്ക്ക് നെല്ല് സംഭരിച്ചതും സബ്സിഡി തുടങ്ങിയ ആനുകൂല്യങ്ങൾ നൽകി റബ്ബർ സംഭരണം, റബ്ബറും ലാറ്റക്സും കയറ്റുമതി ചെയ്യുവാനുള്ള ശ്രമങ്ങൾ എന്നിവയെല്ലാം ഇതിനുദാഹരണങ്ങളാണ്.

95 (1061) കാർഷികമേഖലയിൽ തൊഴിൽ പദ്ധതി

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. സി. മൊയീൻ കുട്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കാർഷിക മേഖലയിൽ ഒരു ലക്ഷം യുവാക്കൾക്ക് തൊഴിൽ നൽകാൻ കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര യുവാക്കൾ അംഗത്വം എടുത്തിട്ടുണ്ട്;

(സി) ഈ പദ്ധതി പ്രകാരം മരണമടഞ്ഞ അംഗങ്ങൾക്ക് ആനുകൂല്യത്തിനുവേണ്ടിയുള്ള അപേക്ഷകൾ തീരുമാനമാകാതെ കെട്ടിക്കിടക്കുന്നുണ്ടോ;

(ഡി) എങ്കിൽ എത്ര അപേക്ഷകൾ;

(ഇ) ഇവ തീരുമാനമാക്കുന്നതിന് കാലതാമസമുണ്ടാക്കുന്നത് എന്തുകൊണ്ടാണ്;

(എഫ്) ഈ പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത്തരം അപേക്ഷകളിന്മേൽ എന്തു നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1,04,213 പേർ

(സി),(ഡി)&(ഇ) ഇല്ല. 114 എണ്ണത്തിൽ തീരുമാനമെടുക്കുകയും ആനുകൂല്യം നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി 75 അപേക്ഷകളിന്മേൽ അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു.

(എഫ്) പദ്ധതി നിറുത്തലാക്കിയിട്ടില്ല.

96 (1062) വിള ഇൻഷ്വറൻസ് സ്കീം

ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. വി. ബാലറാം : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വിള ഇൻഷ്വറൻസ് സ്കീമിൽ എത്ര വിളകളെ ഉൾപ്പെടുത്തിയിട്ടുണ്ട്; അവ ഏതെല്ലാമാണ്;

(ബി) ഈ പദ്ധതിയിൽ കൂടുതൽ വിളകളെ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ചെറുകിട കർഷകരെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള വിള ഇൻഷ്വറൻസ് സ്കീമിൽ 25 കാർഷിക വിളകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, പുകയില, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ,

LIBRARY ARCHIVES Kerala Legislative Assembly